"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തൃശ്ശൂർ ജില്ല – പുന്നയൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഷാഹുൽ ഹമീദിനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1072/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 08/06/2020

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 16.05.2017-ലെ ഇ13(വി.സി.2/16/റ്റി.എസ്.ആർ./എൽ.എസ്.ജി.ഡി.) 5895/2016 നമ്പർ കത്ത്

2 സർക്കാരിന്റെ 09.05.2018-ലെ ഇപിബി3/69/2018/തസ്വഭവ നമ്പർ കുറ്റപത്രം

3 സർക്കാരിന്റെ 02.03.2019-ലെ ഇപിബി3/69/2018/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 ശ്രീ. ഷാഹുൽ ഹമീദ് സമർപ്പിച്ച 21.06.2019-ലെ പ്രതിവാദ പത്രിക

### ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ പുന്നയൂർ ഗ്രാമപഞ്ചായത്തിൽ വളം വിതരണം ചെയ്യുന്നതിനായി ടെണ്ടർ നടപടിക്രമങ്ങളിൽ വീഴ്ച വരുത്തിയതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതി സംബന്ധിച്ച് ബഹു. എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പുന്നയൂർ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. അന്വേഷണത്തിൽ പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 2012-13 പദ്ധതിക്കാലത്ത് വളം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കുന്നതിൽ സെക്രട്ടറിയായിരുന്ന ശ്രീ. ഷാഹുൽ ഹമീദിന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയുണ്ടായിട്ടുണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഷാഹുൽ ഹമീദിനെതിരെ പരാമർശം (2) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി. എന്നാൽ ടിയാൻ 31.05.2018-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ പ്രസ്തുത കുറ്റപത്രം പഞ്ചായത്ത് ഡയറക്ടർ തിരികെ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. ശ്രീ. ഷാഹുൽ ഹമീദിനെതിരെ കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിക്കുന്നതിനു മുമ്പായി ടിയാൻ 31.05.2018-ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കെ.സി.എസ്. (സി.സി&എ) പ്രകാരമുള്ള നടപടി സ്വീകരിക്കുവാൻ സാധ്യമല്ലാത്തതിനാൽ കെ.എസ്.ആർ ഭാഗം 3 ചട്ടം 3(ബി) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 2 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. ഷാഹുൽ ഹമീദ് പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ താൻ ജോലി ചെയ്ത കാലയളവിൽ ടി വിഷയവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ആരോപണം ഉയരുകയോ ഇത് സംബന്ധിച്ച കത്തുകൾ ടിയാന് ലഭ്യമാവുകയോ ചെയ്തിട്ടില്ലായെന്നും ആയതിനാൽ പെൻഷനിൽ നിന്നും കുറവ് വരുത്തുന്നത് സർവ്വീസ് ചട്ടങ്ങൾക്ക് എതിരാണെന്നും ബോധിപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ഷാഹുൽ ഹമീദിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 2 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ടിയാനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പുന്നയൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഷാഹുൽ ഹമീദിനെതിരായ ആരോപണങ്ങളിന്മേൽ അച്ചടക്ക നടപടി സംബന്ധിച്ച മാന്വൽ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 1 5 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

   (പരാമർശം (1), (2), (3), (4) എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. ഷാഹുൽ ഹമീദ്, മുൻ സെക്രട്ടറി, പുന്നയൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, പുന്നയൂർ ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ കെ.എം. തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/69/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SUDHEER S S
Date: 2020.06.0[illegible] 44:06 IST
Reason: Approved
സെക്ഷൻ ഓഫീസർ